(ബി) 2014-15 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടം 23216.24 ലക്ഷം രൂപയാണ്.

പൊതുമേഖലയിലെ പുതിയ വ്യവസായങ്ങൾ

245 (590) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനു കീഴിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീം പ്രകാരം അനുവദിച്ച ഫണ്ട്

246 (591) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലയളവിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീമിൽ വിവിധ നിയോജക മണ്ഡലങ്ങളിൽ അനുവദിച്ച ഫണ്ട് എത്ര ; നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം ; വിശദമാക്കുമോ ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

ഉത്തരം

വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സ്കീമിൽ അനുവദിച്ച തുകയെ സംബന്ധിച്ചും നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചുമുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

അങ്കമാലിയിലെ കിൻഫ്ര വ്യവസായ പാർക്കിനുള്ള ഭൂമി

247 (592) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) അങ്കമാലിയിൽ സ്ഥാപിക്കുന്ന നിർദ്ദിഷ്ട കിൻഫ്ര വ്യവസായ പാർക്കിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ (WP(c) 33795/2010) സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽപ്പറഞ്ഞ കേസ്സിൽ കിൻഫ്രയുടെ വിശദമായ എതിർ സത്യവാങ്മൂലം ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും 1986-ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും ബന്ധപ്പെടുത്തിയാണ് ലാന്റ് അക്വിസിഷൻ നടപടികളെ ടി കേസ്സിൽ ചോദ്യം ചെയ്തിട്ടുള്ളത്. ലാൻഡ് അക്വിസിഷൻ തഹസീൽദാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം ഏതാണ്ട് എല്ലാ സർവ്വേ നമ്പരിൽപ്പെട്ട ഭൂമിയും റവന്യൂ റിക്കാർഡിൽ "നിലം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിലും ഡിവിഷൻ ബെഞ്ചിലും തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട നിലവിലുള്ള പൊതുതാൽപ്പര്യ ഹർജികൾ ഉൾപ്പെടെയുള്ള കേസ്സുകളുമായി ചേർത്ത് ഒരു പൊതു തീരുമാനം പ്രതീക്ഷിക്കുന്നു.

സ്റ്റാർട്ട് അപ് പോളിസി

248 (593) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് സ്റ്റാർട്ട് അപ് പോളിസി പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇതിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly